## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

27.6.2014- ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:4781

### കൃഷിഭവനകളുടെ പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.ലൂഡി ലൂയിസ്<br>" കെ.അച്ചുതൻ<br>" ബെന്നി ബഹനാൻ<br>" കെ.ശിവദാസൻ നായർ | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി ഭവനകളുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദമാക്കാമോ; | (എ) 01.09.1987 മുതലാണ് കേരളത്തിൽ പഞ്ചായത്തുതലത്തിൽ കൃഷി ഭവനകൾ നിലവിൽ വന്നിട്ടുള്ളത്. അന്നു മുതൽ സംസ്ഥാനത്ത് കൃഷി വകുപ്പ് നടപ്പിലാക്കുന്ന വിവിധ സംസ്ഥാന, കേന്ദ്രാവിഷ്കൃത പദ്ധതികളും ത്രിതല പഞ്ചായത്ത് മുഖേനയുള്ള കാർഷിക പദ്ധതികളും കൃഷിഭവൻ മുഖേന നടപ്പിലാക്കി വരുന്നു. പഞ്ചായത്തുകൾക്കു പുറമേ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും കൃഷിഭവനകൾ പ്രവർത്തിക്കുന്നുണ്ട്.<br><br>1) കർഷകർക്കുള്ള സാമ്പത്തിക സഹായം അവരുടെ ബാങ്ക് അക്കൗണ്ട് മുഖേന വിതരണം ചെയ്യുന്നു.<br>2) പ്രകൃതിക്ഷോഭം മൂലം കൃഷിയിടങ്ങളിലുണ്ടാകുന്ന നാശനഷ്ടങ്ങൾ സ്ഥലപരിശോധന നടത്തി സ്ഥിതിവിവരക്കണക്കുകൾ സർക്കാരിനെ അറിയിക്കുകയും നഷ്ടപരിഹാരം ലഭ്യമാക്കി കർഷകർക്ക് നൽകുകയും ചെയ്യുന്നു.<br>3) കൃഷിയ്ക്ക് ആവശ്യമായ വിവിധ ഉല്പാദനോപാധികളുടെ ലഭ്യത ഉറപ്പു വരുത്തുകയും കർഷകർക്ക് വിവിധ വിഷയങ്ങളെ ആസ്പദമാക്കി ചർച്ചാ ക്ലാസ്സുകൾ, മേളകൾ, സെമിനാറുകൾ എന്നിവ കൃഷിഭവൻ തലത്തിൽ നടത്തുകയും ചെയ്യുന്നു.<br>4) കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ കർഷക- |

രുടെ സജീവ പങ്കാളിത്തം ഉറപ്പാക്കുന്നു. ഇതിനായി കൃഷി ഭവനുകളിൽ കാർഷിക വികസന സമിതി യോഗം ചേരുകയും പദ്ധതികളെക്കുറിച്ച് അറിയിക്കുകയും ഗുണഭോക്താക്കളെ മാനദണ്ഡങ്ങൾക്കനുസരിച്ച് തെരഞ്ഞെടുക്കുകയും ചെയ്യുന്നു.

5) വിവിധ സെമിനാറുകൾ, ചർച്ചാ ക്ലാസ്സുകൾ, മുഖാമുഖം പരിപാടികൾ, പരിശീലന പരിപാടികൾ ഇവയിൽ പഞ്ചായത്തു നടപ്പിലാക്കുന്ന പദ്ധതികളെകുറിച്ച് ചർച്ച നടത്തുകയും അഭിപ്രായ സമന്വയത്തിൽ എത്തുകയും ചെയ്യുന്നു.

6) ഗവേഷണ സ്ഥാപനങ്ങളും മറ്റ് പ്രമുഖ സ്ഥാപനങ്ങളും വികസിപ്പിച്ചെടുക്കുന്ന കൃഷി അനുബന്ധ മേഖലകളിലെ നൂതന സാങ്കേതിക വിദ്യകളും പ്രയോഗ രീതികളും കർഷകരിലേക്ക് എത്തിച്ചു കൊടുക്കുന്നു.

7) നൂതനങ്ങളായ ആശയങ്ങളും സാങ്കേതിക വിദ്യകളും രീതികളും കണ്ടുമനസ്സിലാക്കി പഠിക്കുന്നതിനും സ്വായത്തമാക്കുന്നതിനുമായി കർഷകർക്കായി സന്ദർശന പഠന യാത്രാ പരിപാടികൾ, പരിശീലനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

8) കർഷക ദിനത്തിൽ ഏറ്റവും നല്ല കൃഷിക്കാരെ തെരഞ്ഞെടുത്ത് ആദരിക്കുന്നു.

9) ഉല്പാദന വർദ്ധനവിനും മികവിനും വരുമാന വർദ്ധനവിനും ഉതകുന്ന വിധം നൂതന സാങ്കേതിക വിദ്യകളും രീതികളും പഠിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ആവശ്യമായ ലഘുലേഖകളും പുസ്തകങ്ങളും വിതരണം ചെയ്യുന്നു.

10) കാർഷിക മേഖലകളിൽ ഉല്പാദനം, സംസ്കരണം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് കർഷകർ നേരിടുന്ന പ്രശ്നങ്ങൾ അഗ്രോ സർവ്വീസ് സെന്ററുകൾ മുഖേന പരിഹരിക്കുന്നു.

11) വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ വഴി കീടരോഗങ്ങൾ കണ്ടെത്തുകയും പരിഹാരം നിർദ്ദേശിക്കുകയും ചെയ്യുന്നു.

12) മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ഫാമുകളിൽ അവലംബിച്ചിരിക്കുന്ന നൂതന മാർഗ്ഗങ്ങളും സാങ്കേതിക

വിദ്യകളും മറ്റ് കർഷകർക്ക് പ്രായോഗികമായി പഠിപ്പിച്ച് കൊടുക്കുന്നതിനും പ്രചരിപ്പിക്കുന്നതിനും ഫാം സ്കൂളുകൾ നടപ്പിലാക്കുന്നു.

(ബി) കൃഷി വിവരങ്ങളും അടിസ്ഥാന വിവരങ്ങളും കൃഷിഭവൻ വഴി ശേഖരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കുമോ?

(ബി) & (സി) ആത്മ പദ്ധതി പ്രകാരം കൃഷിഭവന്റെ അടിസ്ഥാന വിവര ശേഖരണം നടത്തിയിട്ടുണ്ട്. ആയതിൽ കൃഷിഭവൻ പരിധിയിൽ വരുന്ന ആകെ കർഷകർ, കർഷക കുടുംബങ്ങൾ, പേര് രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർ, പാട്ട കർഷകർ, കർഷകന്റെ കൃഷിഭൂമിയുടെ വിസ്തീർണ്ണം, കൃഷി ചെയ്യുന്ന വിളകൾ, തരിശുഭൂമി, ഉല്പാദനം, വിള കുറയാനുള്ള കാരണം, നടപ്പിലാക്കുന്ന സാങ്കേതിക വിദ്യകൾ, മണ്ണ് പരിശോധനയുടെ ഫലം, യന്ത്രവൽക്കരണം, കീടരോഗ ബാധ, ജൈവകൃഷി രീതികൾ, ഫാം സ്കൂൾ വിശദാംശങ്ങൾ, ആത്മ/ലീഡ്സ് പദ്ധതിയിലെ വിവിധ ഗ്രൂപ്പുകൾ, വി.എഫ്.പി.സി.കെ ഗ്രൂപ്പുകൾ, മറ്റ് കർഷക ഗ്രൂപ്പുകൾ, പരിശീലന സന്ദർശന പരിപാടികൾ, ഇവയിൽ പങ്കെടുത്തവരുടെ വിവരം എന്നിവ ലഭ്യമാണ്.

ഇതു കൂടാതെ കർഷകരുടെ പേര്, അഡ്രസ്സ്, കൃഷിഭൂമിയുടെ വിസ്തൃതി, വിളകളുടെ വിവരങ്ങൾ എന്നിവ അക്ഷയ സെന്ററുകൾ വഴി Kissan.gov.in എന്ന കർഷക ഡാറ്റാബേസിലേക്ക് ശേഖരിച്ചു വരുന്നു. ഇതിനകം 16.74 ലക്ഷം കർഷകരുടെ വിവരങ്ങൾ പ്രസ്തുത ഡേറ്റാബേസിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ